ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) 3-5-55-ൽ എസ്റ്റേറ്റിലെ തമിഴരായ ജോലിക്കാരും ഹൈലാൻഡ് പ്ലാന്റേഷൻ ലേബർ യൂണിയൻ (ആർ. എസ്. പി.) അംഗങ്ങളായ പ്രതിവുജോലിക്കാരുംകൂടി സംഘടിതമായി എസ്റ്റേറ്റിലെ എസ്റ്റേറ്റ് ഉടമയോട് അനുകൂലിച്ചു നിന്ന ജോലിക്കാരുടെ മേൽ ഒരാക്രമണം നടത്തി. സംഘട്ടനത്തിൽ എസ്റ്റേറ്റുടമയോട് യോജിച്ചുനിന്ന ജോലിക്കാരിൽ മുപ്പതുപേർക്ക് പരുക്കുകൾ പറ്റി. കുഞ്ഞുകൊച്ച് എന്ന ആൾ തലയിലേറ്റ പരുക്കു നിമിത്തം കോട്ടയം ഗവണ്മെൻറ് ആശുപത്രിയിൽ വച്ച് മരിച്ചു.

അന്നേദിവസം വൈകുന്നേരം അഞ്ചു മണി സമയത്ത് മേൽപറഞ്ഞ സംഭവം സംബന്ധിച്ച കേസിലെ പ്രതികളിൽ പതിനൊന്നു പേർ ചേർന്ന് എസ്റ്റേറ്റിൽ ഒരു മലയാളി നടത്തിവന്ന ഒരു ചായക്കടയിൽ കല്ലേറു നടത്തുകയും, അലമാരി മുതലായ സാധനങ്ങൾ നശിപ്പിക്കുകയും ചില്ലറ സാധനങ്ങളും മുപ്പതു രൂപയും എടുത്തുകൊണ്ടുപോകുകയും ചെയ്തു.

സേവാദളം.

* 741. [31] ശ്രീ. കെ. സി. ജോർജ്ജ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് സേവാദളം എന്ന പേരിൽ ഒരു അർദ്ധസൈനികസംഘടന കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഈ സംഘടനയുടെ പ്രവർത്തനത്തെപ്പറ്റി ഗവണ്മെൻറിന് എന്തു അഭിപ്രായമാണുള്ളത് ;

(സി) ഈ സംഘടനയുടെ പ്രോത്സാഹനാർത്ഥം മന്ത്രിമാർ എന്തെല്ലാം ചെയ്തിട്ടുണ്ട് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഈ സംസ്ഥാനത്തിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അർദ്ധസൈനിക സ്വഭാവത്തോടുകൂടി "സേവാദളം" എന്ന സംഘടന പ്രവർത്തിക്കുന്നതായി ഗവണ്മെൻറിന് അറിവില്ല. കോൺഗ്രസ്സിന്റെ അഭിമുഖ്യത്തിൽ സേവാദളം എന്ന ഒരു സംഘടന പ്രവർത്തിക്കുന്നതായി അറിയാം.

(ബി) ഈ സംഘടന നിയമാനുസരണം പ്രവർത്തിക്കുന്നതുകൊണ്ട് എതിരഭിപ്രായമില്ല.

(സി) സേവാദളം സംബന്ധിച്ചുള്ള യോഗങ്ങളിൽ പ്രസംഗിച്ചുകാണും.

സ്പെഷ്യൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ.

* 742. [33] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി തരുമോ :

(എ) തോട്ടംതൊഴിലാളികളുടെ പ്രധാന തൊഴിൽതർക്കങ്ങളെക്കുറിച്ചു തീരുമാനിക്കാൻ ഒരു സ്പെഷ്യൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ജഡ്ജിയായി മി. പി. കെ. സുബ്രഹ്മണ്യയരെ നിയമിച്ചതിനെ പ്രതിഷേധിച്ച് ഗവണ്മെന്റിനു വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ ;

(സി) ഈ നിയമനത്തെ പ്രതിഷേധിച്ച് പത്രപ്രസ്താവനകൾ വന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ഈ സ്പെഷ്യൽ ട്രിബ്യൂണൽ ഒരു റഗുലർ ട്രിബ്യൂണലാക്കി മാറ്റാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഉണ്ടു്. , സ്പെഷ്യൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ ഗവണ്മെന്റിൽ രാജി സമർപ്പിച്ചു. ആ രാജി ഗവണ്മെന്റ് സ്വീകരിക്കുകയും അനുവദിക്കുകയും ചെയ്തിട്ടുണ്ടു്.

(ഡി) ഈ കാര്യം ആലോചനയിൽ ഇരിക്കുകയാണു്.

Coir Committee.

* 743. [34] SHRI P. V. AVIRA THARAKAN : Will the Minister for Industries be pleased to state :

(a) have the Government received the report of the Coir Committee set up under the Chairmanship of Mr. G. Parameswaran Pillai;

(b) if received when do the Government propose to implement the recommendations ?

Chief Minister (SHRI PANAMPILLI GOVINDA MENON) :

(a) Part I of the Report of the Committee on Coir Mats and Matting Manufacturing Industry under the Chairmanship of Shri G. Parameswaran Pillai has been received. Part II is awaited.

(b) After considering the Report and the recommendations in it.

ഇൻഡസ്ട്രിയൽ സ്കൂളുകൾ.

* 744. [35] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് ആകെ എത്ര ഇൻഡസ്ട്രിയൽ സ്കൂളുകളുണ്ടു് ;

(ബി) എവിടെയെല്ലാം ;

(സി) ഇരിഞ്ഞാലക്കുടയിൽ ഒരു ഇൻഡസ്ട്രിയൽ സ്കൂൾ ഉണ്ടോ ;

(ഡി) അവിടത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ചു് അന്വേഷിച്ചു് അതു് വിപുലീകരിക്കുന്നതിനവേണ്ട എർപ്പാടുകൾ ചെയ്യാമോ ?

LIBRARY ARCHIVES Kerala Legislative Assembly